**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ.**5946.** 04.07.2019 -ൽ മറുപടിയ്ക്ക്.

**ആധാരം എഴുത്തുകാർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് നടപടി**

**ചോദ്യം**

**ശ്രീ.വി. അബ്ദുറഹിമാൻ**

**ഉത്തരം**

**ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) കേരളത്തിൽ നൂറ്റിയൻപതിൽപരം വർഷത്തിലധികം പഴക്കമുള്ള തൊഴിലാളി വിഭാഗമായ ആധാരം എഴുത്തുകാർ സാങ്കേതിക വിദ്യയുടെ കടന്നുകയറ്റവും നോട്ടുനിരോധനം ഉൾപ്പെടെയുള്ള പുത്തൻ സാമ്പത്തിക നയങ്ങളും കാരണം ഒട്ടേറെ വിഷമതകൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള മാറ്റങ്ങൾ ആധാരമെഴുത്ത് ലൈസൻസികളുടെ തൊഴിലിനെ യാതൊരു വിധത്തിലും ബാധിച്ചിട്ടില്ലെന്ന് കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയ ശേഷം രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണവും സ്വയം തയ്യാറാക്കിയ ആധാരങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| വർഷം | ആകെ ആധാരങ്ങൾ | സ്വയം തയ്യാറാക്കിയവ |
|---|---|---|
| 2016 | 885983 | 81 |
| 2017 | 865607 | 560 |
| 2018 | 896273 | 833 |

(ബി) പരമ്പരാഗത ആധാരം എഴുത്ത് തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന്

(ബി) പൊതു ജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനായി ആധുനികവത്ക്കരണം നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിലും ആധാരം

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | എഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലില്ല. മാത്രമല്ല ഈ രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ആധാരം തയ്യാറാക്കൽ പരീക്ഷ നടത്തിയിട്ടുള്ളതും 1661 പേർക്ക് പുതുതായി ആധാരം തയ്യാറാക്കൽ ലൈസൻസ് നൽകിയിട്ടുള്ളതുമാണ്. കൂടാതെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ 1960 -ലെ ചട്ടം 15 പ്രകാരം തയ്യാറാക്കൽ ലൈസൻസികൾക്ക് കൈപ്പട ലൈസൻസും വകുപ്പിൽ നിന്നും നൽകി വരുന്നു. |
| (സി) | ചികിത്സാസഹായം ഉൾപ്പെടെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിലെ അംഗങ്ങൾക്ക് ചികിത്സാ ധനസഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നൽകി വരുന്നുണ്ട്. ചികിൽസാധനസഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് 01.07.2017 പ്രാബല്യത്തിൽ പരിഷ്കരിച്ച നിരക്കുകളാണ് നിലവിലുള്ളത്. |
| (ഡി) | അറുപത്തിയഞ്ച് വയസ്സ് കഴിഞ്ഞ അംഗത്തിന് ക്ഷേമനിധി മുഖേന കൂടുതൽ ചികിത്സാസഹായം ഉറപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നും അംഗത്വം മുടങ്ങിയവർക്ക് അത് | (ഡി) | അറുപത്തിയഞ്ച് വയസ്സ് കഴിഞ്ഞ അംഗത്തിന് ക്ഷേമനിധി മുഖേന കൂടുതൽ ചികിൽസാ ധനസഹായം അനുവദിക്കുന്നത് ക്ഷേമനിധി |

പുന:സ്ഥാപിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുമോ എന്നും അറിയിക്കാമോ?

ബോർഡിന്റെ പരിഗണനയിലാണ്.

മുടങ്ങിപ്പോയ ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ക്ഷേമനിധി ആക്ടിൽ ഭേദഗതി ആവശ്യമാണ്.ആയതിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**